**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2177** **14-10-2024 - ൽ മറുപടിയ്ക്ക്**

**വ്യാജ മന:ശാസ്ത്രജ്ഞരെ നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മന:ശാസ്ത്രത്തിൽ ഒരു യോഗ്യതയുമില്ലാതെ മന:ശാസ്ത്രജ്ഞർ എന്ന പേരിൽ പ്രാക്ടീസ് ചെയ്ത് ജനങ്ങളെ ചൂഷണം ചെയ്യുന്നവരെക്കുറിച്ചുള്ള എന്തെങ്കിലും രേഖകൾ ആരോഗ്യ വകുപ്പിന്റെ പക്കൽ ഉണ്ടോ; എങ്കിൽ വിവരം നൽകാമോ; ഇതിനെതിരെ എന്ത് നടപടിയാണ് ആരോഗ്യ വകുപ്പ് സ്വീകരിച്ച് വരുന്നത്; | (എ) | ഇത്തരത്തിലുള്ള ആരോപണം ഈ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഉണ്ടായിട്ടില്ല. കേരളത്തിലെ ആരോഗ്യസ്ഥാപനങ്ങൾക്കും, ലബോറട്ടറികൾക്കും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ നിർബന്ധമാണ്. ടി രജിസ്ട്രേഷൻ ലഭ്യമാകണമെങ്കിൽ ഓരോ സ്ഥാപനങ്ങളിലും നിശ്ചിത യോഗ്യതാ മാനദണ്ഡങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. നിശ്ചിത യോഗ്യത ഇല്ലാതെ ഒരു സ്ഥാപനം പ്രവർത്തിച്ച് വരുന്ന പക്ഷം ടി സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതടക്കമുള്ള തുടർനടപടികൾ സ്വീകരിക്കുവാനുള്ള വ്യവസ്ഥകളും കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ കൺസൾട്ടേഷൻ സർവീസുകളെ ടി ആക്ടിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ വ്യാജ മന:ശാസ്ത്രജ്ഞരെ സംബന്ധിച്ച വിവരങ്ങൾ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിൽ ലഭ്യമല്ല. |
| (ബി) | സംസ്ഥാനത്ത് അലൈഡ് ഹെൽത്ത് കെയർ പ്രൊഫഷണൽസിന്റെ രജിസ്ട്രേഷൻ നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ? | (ബി) | 2021 ലെ നാഷണൽ കമ്മീഷൻ ഫോർ അലൈഡ് & ഹെൽത്ത് കെയർ പ്രൊഫഷൻസ് ആക്ട് പ്രകാരം രജിസ്ട്രേഷൻ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച് നാഷണൽ കമ്മീഷൻ റെഗുലേഷൻസ് പുറപ്പെടുവിക്കേണ്ടതുണ്ട്. ആയത് പുറപ്പെടുവിക്കുന്ന മുറക്ക് മാത്രമെ രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ